നം.SAL/F-560/869 18 /05/2026

തേക്ക് മരങ്ങളുടെ വിൽപ്പന – സീൽഡ് ടെണ്ടർ മുഖേന

പ്ലാന്റേഷൻ കോർപ്പറേഷന്റെ വടവാതൂർ സ്റ്റാഫ് ക്വാർട്ടേഴ്സ് പരിസരത്ത് അപകടകരമായ വിധത്തിൽ നിൽക്കുന്ന 4 എണ്ണം തേക്ക് മരങ്ങളുടെ വിൽപ്പന നടത്തുന്നതിനായി മുദ്ര വച്ച ടെൻഡറുകൾ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു. (തേക്ക് മരങ്ങളുടെ ചുറ്റുവണ്ണവും, ഉയരവും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധിച്ചിരിക്കുന്നു._

**വ്യവസ്ഥകൾ**

1. തേക്ക് മരങ്ങളുടെ വിലയുടെ വാഗ്ദാനം 04/06/2026-ന് 3.00 **PM** വരെ കോട്ടയം ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും 04/06/2026-ന്, 3.30 PM-ന് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
2. ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം ഒന്നിന് 118/- രൂപയും നിരതദ്രവ്യം **10,000/-( രൂപ പതിനായിരം മാത്രം ) രൂപയുമാണ്.**
3. ടെണ്ടർ സമർപ്പിക്കുന്നവർ മൊത്തം മരത്തിന് കോർപ്പറേഷന് നൽകാവുന്ന ഏറ്റവും കൂടിയ തുകയാണ് സമർപ്പിക്കേണ്ടത്.
4. ടെണ്ടറിൽ പങ്കെടുക്കാൻ താത്പര്യം ഉള്ളവർ നേരിട്ട് 118/- രൂപ ടെണ്ടർ ഫോം വിലയടച്ച് ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്ന് 04/06/2026, **03:00** പി.എം-ന് മുൻപായി വാങ്ങേണ്ടതാണ്. നിരതദ്രവ്യമായ തുക പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധം ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ നൽകുന്ന ദിവസത്തിന് മുൻപായി അടച്ചിരിക്കേണ്ടതും ആയതിന്റെ രേഖ കോട്ടയം ഹെഡ് ഓഫീസിൽ ടെണ്ടറിനൊപ്പം നൽകേണ്ടതുമാണ്.
5. ടെണ്ടർ സമർപ്പിക്കുന്നവർ ടെൻഡർ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, തിരിച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവയുടെ കോപ്പികളോടൊപ്പം, 04**/06/2026, 03:00 പി.എം-ന് മുൻപായി കോട്ടയം ഹെഡ് ഓഫീസിൽ മാർക്കറ്റിംഗ് വിഭാഗത്തിൽ നല്കിയിരിക്കേണ്ടതാണ്.**
6. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ആയതിനു മുൻപായി ജനറൽ മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ മരങ്ങളുടെ എണ്ണം, ഗുണ നിലവാരം, നിലവിലുള്ള അവസ്ഥ എന്നിവയെക്കുറിച്ച് മനസിലാക്കിയതിനു ശേഷം മാത്രമേ ടെൻഡർ സമർപ്പിക്കുവാൻ പാടുള്ളൂ. ടെൻഡറിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

7. **മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള കാലാവധി സ്ഥിരീകരണ തീയതി മുതൽ 15 ദിവസങ്ങൾ മാത്രമായിരിക്കുന്നതാണ് .**
8. കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച ടെൻഡർ തുക പ്രസ്തുത ടെൻഡർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, ടെൻഡർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 3 ദിവസങ്ങൾക്കകം 25,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും (പ്രസ്തുത തുകയ്ക്ക് പലിശ നൽകുന്നതല്ല) കൂടാതെ, മൊത്തം വാഗ്ദാനം ചെയ്ത തുകയും അടച്ച് 200/- രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വച്ച് വർക്ക് ഓർഡർ കൈപ്പറ്റി ജോലി തുടങ്ങേണ്ടതുമാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം ടെൻഡർ അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. കൂടാതെ, വീഴ്ച വരുത്തിയ ടെണ്ടറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർദർഘാസ് നടത്തുന്നതും ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതും കൂടാതെ അയാളെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും അയാൾക്ക് കോർപ്പറേഷന്റെ പിന്നീടുള്ള ടെൻഡറുകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നതുമാണ്.
9. ഏറ്റവും കൂടിയ തുകയ്ക്ക് ടെൻഡർ സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ വ്യവസ്ഥ 8 അനുസരിച്ചുള്ള തുക അടക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം അടക്കമുള്ള തുക കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽകൂട്ടുന്നതിന് കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.
10. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത് ടെൻഡർ സമർപ്പിച്ചാലും ടി തുക ന്യായയുക്തമല്ലെന്ന് കണ്ട് ടി വാഗ്ദാനം അംഗീകരിക്കാതിരിക്കുന്നതിനു കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതും ഇപ്രകാരം കോർപ്പറേഷൻ അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുന്നതുമാണ്.
11. കരാർ ജോലിക്കിടയിൽ കരാറുകാരനിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ യാതൊരുവിധ നാശമോശപ്രവൃത്തികളും നിയമവിരുദ്ധപ്രവൃത്തികളും ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽ കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. ഇത്തരത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.
12. ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരന് കരാർ കാലാവധിക്കുള്ളിൽ മരം നീക്കം ചെയ്യുന്നതിന് സാധിക്കാതെ വന്നാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ, യുക്തമെന്ന് തോന്നുകയാൽ, കരാർ തുകയുടെ 0.1% പിഴപ്പലിശ ഈടാക്കി പരമാവധി 15 ദിവസം വരെ കരാർ കാലാവധി നീട്ടി നൽകുന്നതിന് കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്ക അധികാരമുണ്ടായിരിക്കുന്നതാണ്.

13. തുടർന്നും കരാർ കാലാവധിക്ക് ശേഷം കരാർ പ്രകാരമുള്ള തടികൾ മുറിച്ചു മാറ്റി നീക്കം ചെയ്യാതിരുന്നാൽ പ്രസ്തുത മരങ്ങളുടെ മേൽ കരാറുകാരന് പിന്നീട് യാതൊരു അവകാശവും ഉന്നയിക്കുവാൻ അവകാശമോ അധികാരമോ ഉണ്ടയിരിക്കുന്നതല്ലാത്തതും, കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ളതായ എല്ലാ തുകകളും കോർപറേഷൻ ഖജനാവിലേക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതിന് കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതാണെന്നും, കൂടാതെ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി തടികൾ പുനർ ടെൻഡർ ചെയ്ത് തടികൾ നീക്കം ചെയ്യുന്നതും ആയതിലേക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവും നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കി എടുക്കുന്നതിനുള്ള സമ്പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതുമാണ്.
14. ടെൻഡർ വിളിച്ച് കരാർ നൽകിയിട്ടുള്ള മരങ്ങൾ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.
15. കരാറുകാരനിൽ നിന്നോ, ടിയാന്റെ തൊഴിലാളികളിൽ നിന്നോ വടവാളുർ സ്റ്റാഫ് ക്വാർട്ടേർഴ്സിൽ താമസിക്കുന്നവർക്ക് യാതൊരു വിധ ബുദ്ധിമുട്ടുകളും ഉണ്ടാകുവാൻ പാടില്ല.
16. കരാറുകരാനും, കരാറുകാരന്റെ ഏജന്റും, തൊഴിലാളികളും തടി നീക്കം ചെയ്യുന്നതിന് മുമ്പായി ജനറൽ മാനേജരുടേയോ, അദ്ദേഹം അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ നിന്നും പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.
17. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ തടി കോംബൗണ്ടിന് പുറത്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.
18. ടെൻഡർ തുകയ്ക്ക് പുറമേ, ബാധകമാകുന്ന എല്ലാ സർക്കാർ നികുതികളും കരാറുകാരൻ അടക്കേണ്ടതാണ്. തടി ലോഡുകളായി കൊണ്ടുപോകുന്നതിന് സർക്കാർ വകുപ്പുകൾ ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനങ്ങളിൽ നിന്നും പാസ്സുകളോ ലൈസെൻസോ ആവശ്യമെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്. എന്തെങ്കിലും തരത്തിലുള്ള തടസങ്ങൾ നേരിട്ടാൽ ആയതിന് പ്ലാന്റേഷൻ കോർപറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.
19. ജനറൽ മാനേജർ (സി)-ക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, കരാറുകാരാന്റെ ഏജന്റ്, തൊഴിലാളികൾ തുടങ്ങിയവരെ നിയന്ത്രിക്കുന്നതിനും, കരാറുകാരൻ തടി കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.
20. തടി മാറ്റുന്നതിനാവിശ്യമായ യാതൊരുവിധ സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല.

21. തടി കൊണ്ടുപോകുന്ന സമയം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെയായിരിക്കും. ഹെഡ് ഓഫീസ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും തടി കൊണ്ടുപോകുന്നതിനോ അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനോ അനുവദിക്കുന്നതല്ല.
22. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ, അയാളുടെ ഏജന്റോ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കോർപറേഷന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള പരമാധികാരം മാനേജിങ്ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഇതുമൂലം കോർപറേഷനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.
23. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ ടി തേക്കു മരങ്ങൾ പുനർ ദർഘാസ് നടത്തുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.
24. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
25. വിൽപ്പന സംബന്ധിച്ച് ടെൻഡറിലോ ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ വ്യഖ്യാനത്തിലോ, നടത്തിപ്പിലോ ഏതെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്ക അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ അന്തിമമായിരിക്കുന്നതുമാണ്.
26. കരാറുകരന്റെ ആൾക്കാർക്കോ മറ്റ് തൊഴിലാളികൾക്കോ ടി വിൽപ്പന സംബന്ധമായി ഏതെങ്കിലും വിധത്തിൽ കൊടുക്കാനുള്ള വേതനത്തിനോ/നഷ്ടപരിഹാരത്തിനോ കോർപ്പറേഷൻ ഒരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. മരങ്ങൾ മുറിച്ചു മാറ്റുന്നതിനും, അതോടനുബന്ധിച്ചുള്ള എല്ലാ പ്രവൃത്തികളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.
27. ഈ കരാർ സംബന്ധമായി എന്തെങ്കിലും തർക്കങ്ങളുണ്ടായൽ ആയതിന്റെ വ്യവഹാര പരിധി കോട്ടയം കോടതികളിൽ മാത്രമായിരിക്കും.
28. യാതൊരു കാരണവും കാണിക്കാതെ എപ്പോൾ വേണമെങ്കിലും ഏതൊരു ടെണ്ടറും റദ്ദ് ചെയ്യുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്
29. വ്യവസ്ഥ-28 പ്രകാരം ടെൻഡർ കോർപ്പറേഷൻ റദ്ദ് ചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരുവിധ നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശമുന്നയിക്കുവാൻ കരാറുകരാന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാണ്.
30. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.

31. ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

പ്ലാന്റേഷൻ കോർപ്പറേഷനുവേണ്ടി,

**Sd/-**

**മാനേജിംഗ് ഡയറക്ടർ**

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്

മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

# Details of trees awarding for cutting and removal
## Sealed tender - 04 Teak trees -
## Vadavathoor Staff Quarters Compound

| SI No. | GIRTH OF TREES (Cm) | HEIGHT OF TREES (Mtr.) | DD No. | D.D Date | D.D Amount |
|---|---|---|---|---|---|
| 1 | 120 | 12 | | | |
| 2 | 70 | 3 | | | |
| 3 | 140 | 7 | | | |
| 4 | 150 | 7 | | | |

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

**CIN No: UO1119KL1962SGC001997**

**കോട്ടയം - 686004**

സ്ഥലം:

തീയതി:

<u>സമ്മതപത്രം</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ **വടവാതൂർ സ്റ്റാഫ് ക്വാർട്ടേഴ്സ് പരിസരത്ത് നിൽക്കുന്ന 4 എണ്ണം തേക്ക്** മരങ്ങളുടെ **വിൽപ്പനയ്ക്കായുള്ള ടെണ്ടർ** വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**
**തപാൽ മേൽവിലാസം**
**കര**
**വില്ലേജ്**
**താലൂക്ക്**
**ജില്ല**
**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**

**ലാന്റ് നമ്പർ :**
**മൊബൈൽ നമ്പർ :**

**ഒപ്പ്**

………………..